# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4158 — 27.06.2012 -ൽ മറുപടിയ്ക്ക്

**പട്ടിക ജാതി പിന്നോക്ക സമുദായങ്ങൾക്ക് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പട്ടിക ജാതി പിന്നോക്ക സമുദായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകി വരുന്നതെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ; | (എ) പട്ടികജാതി സമുദായങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇ-ഗ്രാന്റ്സ് മുഖേന കുട്ടികൾക്ക് എല്ലാ വിഭാഗങ്ങളിലുമായി പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു.സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു.<br>2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് ഏര്യയിൽ 3 സെൻറ് ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും മുൻസിപ്പൽ ഏര്യയിൽ ഒന്നര സെൻറ് ഭൂമി വാങ്ങുന്നതിന് 1.75 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ ഒന്നര സെൻറ് വാങ്ങുന്നതിന് 2 ലക്ഷം രൂപയും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിത പട്ടിക ജാതി കുടുംബങ്ങൾക്ക് വീട് വാങ്ങുന്നതിന് 2 ലക്ഷം രൂപയും ധനസഹായം നൽകി വരുന്നു.<br>3. സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളിൽ പഠിക്കുന്ന 8-ാം ക്ലാസ്സിലെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും കഴിഞ്ഞ |

സാമ്പത്തിക വർഷം സൈക്കിൾ വിതരണം ചെയ്യു.
സർക്കാർ/എയിഡഡ് സ്കൂളിൽ പഠിക്കുന്ന 8-ാം ക്ലാസ്സിലെ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും ഇതിന് അർഹരാണ്.

4. <u>പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം</u>

ബിപി.എൽ വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ യുവതികളുടെ വിവാഹധനസഹായമായി 20,000/- രൂപ നൽകി വരുന്നു. ജാതി,വരുമാന സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന് സമുദായ സംഘടനയുടെ അല്ലെങ്കിൽ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

5. <u>നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായ പദ്ധതി</u>

നാലാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിയ്ക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ മത്സര പരീക്ഷയിലൂടെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിന് ആവശ്യമായ സ്കോളർഷിപ്പുകളും മറ്റു സൗകര്യങ്ങളും 10-ാം ക്ലാസ്സു വരെ നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതി. നൈപുണ്യമുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അർഹരാണ്.

6. <u>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ</u>

68% പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം
സർക്കാർ എയിഡഡ് കോളേജുകളിൽ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അർഹരാണ്.

7. <u>മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

5-ാം ക്ലാസ്സു മുതൽ +2 ക്ലാസ്സുകൾ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികളെ താമസിപ്പിച്ചു വിദ്യാഭ്യാസം നൽകുവാൻ .

4-ാം ക്ലാസ്സ് പാസായ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അർഹരാണ്.

8. ദൃശ്യ ശ്രാവ്യ വിദ്യാഭ്യാസം, ഭാരതദർശൻ കേന്ദ്രങ്ങൾ

പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നവരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിച്ച മാർക്കിൻെറ അടിസ്ഥാനത്തിൽ വിനോദയാത്രയ്ക്കും മറ്റും വേണ്ട സാമ്പത്തിക സഹായം. പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനം വഴി നടത്തുന്ന സ്റ്റഡി ടൂറിന് പങ്കെടുക്കുന്നതിന് പരമാവധി 4,000/- രൂപ വരെ നൽകുന്നു.

9. സ്പോർട്സിലും ഗെയിംസിലും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രകടന നിലവാരമുയർത്തൽ

5-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 215 കുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നുണ്ട്. സ്പോർട്സിലും ഗെയിംസിലും മികച്ച പ്രകടനം നടത്തുന്ന 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ പ്രത്യേക തെരഞ്ഞെടുപ്പ് നടത്തി പ്രവേശനം നൽകുന്നു.

10. ആരോഗ്യ സർവ്വീസ് പദ്ധതി

2012-13 സാമ്പത്തിക വർഷം മുതൽ ജനറൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ സേവനം ലഭ്യമാക്കാൻ ആരോഗ്യ സർവ്വീസ് പദ്ധതി നടപ്പാക്കുന്നു. ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായവും ഈ പദ്ധതിയിലുൾപ്പെടുന്നു. എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും അർഹരാണ്.

11. ഭവനരഹിതർക്ക് ഭവനം

വീടുകൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ പട്ടികജാതിക്കാർക്കും 11-ാം പദ്ധതി കാലത്ത്

താമസയോഗ്യമായ വീട് ഉണ്ടാക്കുന്നതിനുള്ള പദ്ധതി. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങളും അർഹരാണ്. 2 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു.

12. കർഷകതൊഴിലാളികൾക്ക് കൃഷി ഭൂമിയും വീട് വയ്ക്കാൻ സ്ഥലവും

ഈ പദ്ധതി പ്രകാരം ഇതിൻെറ ഉപഭോക്താക്കൾ കൃഷിക്ക് ഉപയുക്തമായ 20 സെൻറ് കരഭൂമിയോ അല്ലെങ്കിൽ 40 സെൻറ് നിലമോ സ്വന്തം പേരിൽ വാങ്ങുമ്പോൾ ഇതിൻെറ വിലയുടെ 50% അല്ലെങ്കിൽ 50,000/- രൂപ ഇതിൽ ഏതാണോ കുറവ് എന്ന കണക്കിൽ നിജപ്പെടുത്തി സർക്കാരിൽ നിന്ന് സബ്സിഡി നൽകുന്നതാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട എല്ലാ പട്ടികജാതി കർഷരും അർഹരാണ്.

13. വ്യവസായമോ കച്ചവടമോ മറ്റു തൊഴിലുകളോ ആരംഭിക്കുന്നതിന് വായ്പ

വാർഷിക വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്ക് വ്യവസായ വായ്പയായി ഒരു വ്യക്തിക്ക് പരമാവധി 25,000/- രൂപ വരെ നൽകുന്നു. വരുമാന പരിധി 25,000/- രൂപയാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികജാതിയിൽപ്പെട്ടവർ അർഹരാണ്.

14. പട്ടികജാതിക്കാർക്ക് പലിശയില്ലാതെ ഭവന നിർമ്മാണ വായ്പ

വാർഷിക വരുമാന പരിധി 30,000/- രൂപ വരെയുള്ളവർക്ക് 75,000/- രൂപയും, 30,001 മുതൽ 50,000/- രൂപ വരെയുള്ളവർക്ക് 1 ലക്ഷം രൂപ വരെയും വായ്പ നൽകുന്നതാണ്.

പിന്നാക്ക സമുദായങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1. പിന്നാക്ക സമുദായ വികസന വകുപ്പിൽ നിന്നും ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് മാത്രമാണ് പുതുതായി

അനുവദിച്ച് തുടങ്ങിയത്. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ വരുന്ന എല്ലാ ഒ.ബി.സി വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം അനുവദിച്ചു വരുന്നു.

2. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ദാരിദ്ര്യ രേഖയുടെ ഇരട്ടിയിൽ താഴെ വരുമാനമുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാന സർക്കാരിൻെറ ധനസഹായത്തോടെ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികളും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം-1-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
3. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും പരിവർത്തിത ക്രൈസ്തവർക്കും ശുപാർശിത വിഭാഗക്കാർക്കുമായി താഴെ പറയുന്ന സഹായങ്ങൾ നടപ്പിലാക്കി വരുന്നു.

| പദ്ധതികൾ | മാനദണ്ഡം/വരുമാന പരിധി |
|---|---|
| കൃഷിഭൂമി വായ്പ | ഗ്രാമപ്രദേശങ്ങളിൽ -31952/- നഗരപ്രദേശങ്ങളിൽ -42412/- |
| [illegible]ദേശതൊഴിൽ വായ്പ | ഗ്രാമപ്രദേശങ്ങളിൽ -31952/- നഗരപ്രദേശങ്ങളിൽ -42412/- |
| ഭവന നിർമ്മാണ വായ്പ | ഗ്രാമപ്രദേശങ്ങളിൽ -31952/- നഗരപ്രദേശങ്ങളിൽ -42412/- |
| ഭവനപുനരുദ്ധാരണ വായ്പ | 3 സെൻറിൽ കുറയാത്ത വസ്തു സ്വന്തം പേരിൽ ഉണ്ടായിരിക്കണം |

| | |
|---|---|
| | |
| വിവാഹ വായ്പ | വിവാഹ തീയതിയിൽ പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം |
| വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനം | എസ്.എസ്.എൽ.സി, +2 പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സ്/ ഡിസ്റ്റിംഗ്ഷൻ അല്ലെങ്കിൽ തത്തുല്യ ഗ്രേഡ് നേടിയിരിക്കണം |
| ഭൂരഹിത ഭവനരഹിത വായ്പ | ഗ്രാമപ്രദേശങ്ങളിൽ -31952/- നഗരപ്രദേശങ്ങളിൽ -42412/- |

(ബി) പട്ടിക ജാതി പിന്നോക്ക സമുദായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര സർക്കാർ,സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്നത്; ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. <u>മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ</u>

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻറ്, ഹോസ്റ്റൽ ചാർജ് മുതലായവ നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അർഹരാണ്.

2. <u>പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരമുയർത്തൽ</u>

സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സെൻട്രൽ സ്കൂളിലോ ഉന്നത നിലവാരം പുലർത്തുന്ന മറ്റ് സ്കൂളുകളിലോ പ്രവേശനം നൽകി പഠിപ്പിക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹത നിശ്ചയിക്കുന്നു.

3. <u>പരിശീലനവും ബന്ധപ്പെട്ട പദ്ധതികളും</u>

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾക്കും വിവിധ മത്സര

പരീക്ഷകൾക്കും പ്രത്യേക പരിശീലനം നൽകാൻ. എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൽസരാർത്ഥികളും അർഹരാണ്.

4. <u>മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ ആശ്രിതരുടെ ഉന്നമനം</u>

സ്റ്റൈപ്പൻറ്, ലംപസം ഗ്രാൻറ്, ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസ അലവൻസും ഈ പദ്ധതി അനുസരിച്ച് നൽകുന്നു. വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പട്ടികജാതിക്കാരുടെ ആശ്രിതരും അർഹരാണ്.

5. <u>സ്വർണ്ണ ജയന്തി ഗ്രാമസ്വ റോസ്ഗർ യോജന</u>

തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, സാമൂഹിക സാമ്പത്തിക പശ്ചാത്തല മേഖലകളിൽ സ്ഥിരം ആസ്തി ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട എല്ലാ പട്ടികജാതി വിഭാഗക്കാരും അർഹരാണ്.

6. <u>ഇന്ദിര ആവാസ് യോജന</u>

പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകുക എന്നതാണ് ലക്ഷ്യം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എല്ലാ പട്ടികജാതി വിഭാഗക്കാരും അർഹരാണ്.

<u>പിന്നാക്ക സമുദായ വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കി വരുന്നു.</u>

1. ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ്

50%, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 100%, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം 50% എന്നീ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്.

പ്രീ-മെട്രിക് സ്കോളർഷിപ്പ്

1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, രക്ഷിതാവിൻെറ വാർഷിക വരുമാനം 44,500/- രൂപയിൽ അധികരിക്കാത്ത, മറ്റ് പ്രീ-മെട്രിക് സ്കോളർഷിപ്പുകളൊന്നും ലഭിക്കാത്ത പിന്നാക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പദ്ധതിയാണ് ഇത്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിലുൾപ്പെട്ട വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പദ്ധതിയാണ് ഇത്. രക്ഷിതാവിൻെറ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കാത്തവർക്കാണ് അർഹത.

പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

കേന്ദ്ര സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള സർവ്വകലാശാലകൾ, ഐ.ഐ.റ്റി, എൻ.ഐ.റ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതും നല്ല പ്രവർത്തന പാരമ്പര്യമുള്ളതുമായ സർക്കാരിതര സന്നദ്ധ സംഘടനകൾക്കും ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് അർഹതയുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് 50:50 എന്ന നിരക്കിലും, സന്നദ്ധ സംഘടനകൾക്ക് 45:45:10 (10% സന്നദ്ധ സംഘടനകൾ) എന്ന രീതിയിലുമാണ് സഹായം അനുവദിക്കുന്നത്.

2. കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ധനസഹായത്തോടെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികൾക്കു പുറമേ യുവതീ യുവാക്കൾക്ക് സൗജന്യ

തൊഴിലധിഷ്ഠിത പരിശീലനം, സ്വയം സഹായ സംഘങ്ങൾക്ക് ഏകദിന പരിശീലന പരിപാടികളും നൽകി വരുന്നു. പദ്ധതികളും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾകൊള്ളിച്ചിരിക്കുന്നു.

3. ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| പദ്ധതികൾ | മാനദണ്ഡം/വരുമാന പരിധി |
|---|---|
| സ്വയം തൊഴിൽ വായ്പ | ഗ്രാമപ്രദേശങ്ങളിൽ -40,000/- നഗരപ്രദേശങ്ങളിൽ -55,000/- |
| വിദ്യാഭ്യാസ വായ്പ | |
| ന്യൂ സ്വർണ്ണിമ | ലക്ഷ്യ വിഭാഗത്തിലെ വനിതകൾക്കായുള്ള പ്രത്യേക പദ്ധതി |
| സ്വയം സാക്ഷം പദ്ധതി | ലക്ഷ്യ വിഭാഗത്തിലെ യുവജനങ്ങൾക്കായുള്ള പ്രത്യേക പദ്ധതി |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്